**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2133 — 16.08.2017 ൽ മറുപടിക്ക്

**പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന തകർച്ച**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.ഒ.രാജഗോപാൽ | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ തകർച്ച നേരിടുകയാണെന്നുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; തകർച്ചയുടെ കാരണം വിശദമാക്കുമോ; | (എ) പരമ്പരാഗത വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ സമഗ്രമായി വിലയിരുത്തി അവയെ തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നു. അന്യസംസ്ഥാന ങ്ങളിലെ കുറഞ്ഞവിലയ്ക്കുള്ള കൈത്തറി ഉൽപ്പന്നങ്ങളുടെ ലഭ്യത, യന്ത്രതറി ഉൽപ്പന്നങ്ങളുടെ കടന്നുകയറ്റം, തൊഴിലാളികളുടെ ദൗർലഭ്യം, അസംസ്കൃത വസ്തുക്കളുടെ വിലകൂടുതലും അവയുടെ ലഭ്യത കുറവും, പവർ ലൂം തുണികളെ അപേക്ഷിച്ച് കൈത്തറി വസ്ത്രങ്ങളുടെ വിലകൂടുതൽ, കൈത്തറിയുടെ പേരിൽ വ്യാജതുണികൾ വിപണിയിൽ എത്തുന്നത് തുടങ്ങിയവ പരമ്പരാഗത കൈത്തറി മേഖലയിൽ പ്രതിസന്ധികൾ സൃഷ്ടിക്കുന്നു. ഇവ പരിഹരിക്കുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു വീട്ടിൽ ഒരു തറി പദ്ധതിയിലൂടെ കൈത്തറി മേഖലയിലേക്ക് കൂടുതൽ പേരെ ആകർഷിക്കുന്നത് ലക്ഷ്യമിടുന്നു. കൈത്തറി തൊഴിലാളികളെ പൂർണ്ണമായി സംരക്ഷിക്കുന്ന വിധത്തിൽ നൂലും കൂലിയും സർക്കാർ നൽകി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കുന്നു. കൈത്തറി തുണി എന്ന പേരിൽ മിൽ തുണി വ്യാപകമാകുന്നത് തടയുന്നതിനായി കൈത്തറി ഉൽപ്പന്ന ങ്ങൾക്ക് ഹാന്റ് ലൂം മാർക്ക് മുദ്ര നിർബന്ധ മാക്കിയിട്ടുണ്ട്. നെയ്ത്തിലുള്ള നൈപുണ്യം മെച്ചപ്പെടുത്തുന്നതിനും ഉൽപാദന ശേഷി വർദ്ധിപ്പിക്കുന്നതിനും പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നു.<br><br>പരമ്പരാഗത കരകൗശല മേഖലയിൽ |

തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭിക്കാത്തതും അസംസ്കൃത വസ്തുക്കളുടെ അഭാവവും പരിചയസമ്പന്നരായ തൊഴിലാളികളുടെ അഭാവവും ആധുനിക സാങ്കേതിക വിദ്യയുടെ അഭാവവും നൂതന വിപണന മാർഗ്ഗങ്ങൾ സ്വീകരിക്കാൻ കഴിയാത്തതും പ്രധാന പ്രതിസന്ധികളാണ്. പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നു. കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭി ക്കുന്നതിന് 'ASHA' എന്ന പദ്ധതി, വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പദ്ധതി, കരകൗശല ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, കരകൗശല തൊഴിലാളികളുടെ പ്രോത്സാഹനത്തിനായി ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ നൽകുന്ന പദ്ധതി എന്നിവ നടപ്പാക്കി വരുന്നു.

അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം, തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭിക്കാത്തത് തുടങ്ങിയ ഈറ്റ പനമ്പ് നെയ്ത്ത് മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഖാദി ഗ്രാമവ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രധാന പ്രശ്നങ്ങളായ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, കുറഞ്ഞകൂലി, പരമ്പരാഗത രീതിയിൽ തൊഴിൽചെയ്യുന്നതിനുള്ള അദ്ധ്വാനഭാരം, സാങ്കേതിക വിദഗ്ദ്ധരുടെ അഭാവം, വിപണിയിലെ മത്സരം തുടങ്ങിയവ പരിഹരിക്കുന്നതിനായി കേരള ഖാദിഗ്രാമ വ്യവസായ ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു.

പരമ്പരാഗത കയർമേഖലയിലെ പ്രധാന പ്രതിസന്ധി ചകിരിയുടെ ലഭ്യതകുറവാണ്. ചകിരി ഉത്പാദനം വ്യാപിപ്പിക്കുന്നതിനായി ഡി.എഫ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവത്കരണം നടത്തുന്നതിനും വില വ്യതിയാനം പരിഹരിക്കുന്നതിനും കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉൽപ്പാദനം നടത്തുന്നതിനും ക്ലസ്റ്റർ വികസന പദ്ധതി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരി

ച്ചിട്ടുണ്ട്.

കശുവണ്ടി മേഖലയിലെ പ്രധാന പ്രതിസന്ധിയായ തോട്ടണ്ടിയുടെ ലഭ്യത കുറവ് പരിഹരിക്കുന്നതിനും ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി സംഭരിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. പരമ്പരാഗത കശുവണ്ടി വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി അഭിസംബോധന ചെയ്യുന്നതിന്റെ ഭാഗമായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്.

| | |
|---|---|
| (ബി) കയർ, കശുവണ്ടി, കൈത്തറി, ഈറ്റ, ബീഡി, മൺപാത്രം എന്നീ മേഖലകളിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ ജീവിത നിലവാരത്തെപ്പറ്റി നാളിതുവരെ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഈ മേഖലകളിൽ ഇപ്പോൾ എത്ര തൊഴിലാളികളാണ് തൊഴിൽ ചെയ്യുന്നത് എന്നത് സംബന്ധിച്ച് വിശദമായ കണക്കുകൾ ലഭ്യമാക്കുമോ? | (ബി) കൈത്തറി മേഖലയിൽ തൊഴിലാളികളുടെ ജീവിത നിലവാരത്തെപറ്റി പഠനം നടത്തുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കയർമേഖലയിൽ കയർ വികസന വകുപ്പിന്റെ നേതൃത്വത്തിൽ ഒരു സർവ്വേ നടത്തിയിട്ടുണ്ട്. ബീഡി മേഖലയിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി കു-സാറ്റ് എന്ന സ്ഥാപനം മുഖേനെ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ജില്ലാകളക്ടറുടെ നേതൃത്വത്തിൽ മറ്റുവകുപ്പുകളെ ഏകോപിപ്പിച്ച് പാക്കേജ് നടപ്പിലാക്കുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങളെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. കളിമൺ വ്യവസായവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ വികസനവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റ് & ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>പരമ്പരാഗത കയർമേഖലയിൽ കയർ വികസന വകുപ്പിന്റെ നേതൃത്വത്തിൽ നടന്ന സർവ്വേ പ്രകാരം സഹകരണ മേഖലയിൽ 63957 തൊഴിലാളികൾ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. സ്വകാര്യമേഖലയിൽ ജോലി ചെയ്യുന്ന കയർതൊഴിലാളികളുടെ സ്ഥിതിവിവര കണക്കുകൾ ലഭ്യമല്ല. പരമ്പരാഗത കൈത്തറി മേഖലയിൽ ഏകദേശം 21000 തൊഴിലാളികളും കരകൗശല മേഖലയിൽ ഏകദേശം പതിനായിരത്തോളം തൊഴിലാളികളും ജോലി ചെയ്തുവരുന്നതായി കണക്കാക്കപ്പെടുന്നു. പരമ്പരാഗത ഈറ്റ പനമ്പ് നെയ്ത്ത് |

മേഖലയിലെ പൊതു മേഖലാ സ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപറേഷനെ ആശ്രയിച്ച് ഏകദേശം പതിനായിരത്തോളം പനമ്പ് നെയ്ത്തു തൊഴിലാളി കുടുംബങ്ങളും ആയിരത്തി അഞ്ഞൂറോളം ഈറ്റവെട്ട് തൊഴിലാളി കുടുംബങ്ങളും ആയിരത്തോളം വരുന്ന മറ്റ് ഇതര തൊഴിലാളികളും ഉപജീവനം നടത്തുന്നു. കശുവണ്ടി മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപറേഷനു കീഴിൽ 10874 പേരും ഈ മേഖലയിലെ അപെക്സ് സഹകരണ സ്ഥാപനമായ കാപെക്സിൽ ഏകദേശം 3893 തൊഴിലാളികളും 215 സ്റ്റാഫ് അംഗങ്ങളും ജോലി ചെയ്തു വരുന്നു.

സെക്ഷൻ ഓഫീസർ